REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രധാന വാർത്തകൾ

**തിയ്യതി:** 16-05-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **കേരളത്തിൽ മന്ത്രിസഭാ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. ചർച്ചകൾ പൂർത്തിയാക്കി മന്ത്രിമാരുടെ പട്ടിക ഇന്ന് തന്നെ ഗവർണർക്ക് കൈമാറിയേക്കും.**
- **ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം. പ്രതിരോധ അവബോധം വളർത്തണമെന്നും, പരിസരം ശുചിയായി സൂക്ഷിക്കണമെന്നും കേന്ദ്രമന്ത്രി JP നദ്ദ.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **PM വികാസ് പദ്ധതിക്ക് കോഴിക്കോട് NIT യിൽ മറ്റന്നാൾ തുടക്കമാകും.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിൽ മന്ത്രിസഭാ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. ചർച്ചകൾ പൂർത്തിയാക്കി കോൺഗ്രസ് മന്ത്രിമാരുടെ പട്ടിക ഇന്ന് തന്നെ ഗവർണർക്ക് കൈമാറിയേക്കും.

എല്ലാ തർക്കങ്ങളും, പരിഭവങ്ങളും പരിഹരിച്ച് ചർച്ച ശുഭകരമായി അവസാനിക്കുമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

മുസ്ലീംലീഗുമായി മന്ത്രിസഭാ രൂപീകരണം ചർച്ച ചെയ്യാൻ നിയുക്ത മുഖ്യമന്ത്രി VD സതീശൻ മലപ്പുറം പാണക്കാട് എത്തി. മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി, പ്രമുഖ ലീഗ് നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

ലീഗ് അഞ്ച് മന്ത്രിമാരുടെ പട്ടികയാണ് തയ്യാറാക്കിയിരിക്കുന്നത്.

✪✪✪

കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിന് രണ്ട് സീറ്റിന് അർഹതയുണ്ടെന്ന് പാർട്ടി നേതാവ് മോൻസ് ജോസഫ് പറഞ്ഞു. UDF ൽ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും, മുന്നണി അതിന് തയ്യാറായേക്കുമെന്നും മോൻസ് ജോസഫ് അഭിപ്രായപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയും UAE പ്രസിഡന്റ്, ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിൽ അബുദാബിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ, പ്രതിരോധം, ഊർജ്ജ സുരക്ഷ തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചു. ഇതനുസരിച്ച് ഇന്ത്യയുടെ തന്ത്രപര പെട്രോളിയം ഉത്പാദന രംഗങ്ങളിൽ UAE യുടെ പങ്കാളിത്തം, 30 ദശലക്ഷം ബാരലായി ഉയർത്താനും, ഇന്ത്യയിൽ വാതകസംഭരണശാലകൾ സ്ഥാപിക്കാനും തീരുമാനമായി.

✪✪✪

നെതർലൻഡ്സിലെ ഇന്ത്യൻ പ്രവാസി സമൂഹം നൽകിയ ഊഷ്മളമായ സ്വീകരണത്തിന്റെ ദൃശ്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി, സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമായ എക്സിൽ പങ്കുവെച്ചു. കഥക്, ഒഡീസി, ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം തുടങ്ങിയ ഇന്ത്യൻ ശാസ്ത്രീയ നൃത്തരൂപങ്ങളും, ഗർബ നൃത്തവും ഉൾപ്പെടുത്തിയ പ്രവാസികളുടെ സ്വീകരണം, ഏറെ ശ്രദ്ധേയമായിരുന്നുവെന്ന് പ്രധാനമന്ത്രി കുറിച്ചു.

ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി ഇന്ന് പ്രധാനമന്ത്രി, റോബ് ജെറ്റൻ, വില്യം അലക്സാണ്ടർ രാജാവ്, മാക്സിമ രാജ്ഞി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

✪✪✪

സിക്കിം സംസ്ഥാന രൂപീകരണ ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവർ ജനങ്ങൾക്ക് ആശംസ നേർന്നു.

സിക്കിമിന്റെ മനോഹരമായ പ്രകൃതിഭംഗിയും, സമ്പന്നമായ സാംസ്കാരിക പൈതൃകവും സംസ്ഥാനത്തെ സുസ്ഥിര വികസനത്തിന്റെ മാതൃകയാക്കുന്നുവെന്ന് രാഷ്ട്രപതി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

ഇന്ത്യയുടെ വികസനത്തിന് സിക്കിം നൽകിയ സംഭാവനകളെ വളരെയധികം വിലമതിക്കുന്നുവെന്ന് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ ഡെങ്കിപ്പനി ദിനം. ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് ഡെങ്കിപ്പനി ദിനം ആചരിക്കുന്നത്. ഡെങ്കിപ്പനിക്കെതിരെ ബോധവൽക്കരണം ശക്തമാക്കുന്നതിനും, കാലവർഷത്തിന് മുന്നോടിയായ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഡെങ്കിപ്പനി ദിനം ആചരിക്കുന്നത്.

ഡെങ്കിപ്പനി പ്രതിരോധത്തെക്കുറിച്ച് അവബോധം വളർത്തണമെന്നും പരിസരം ശുചിയായി സൂക്ഷിക്കണമെന്നും കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രി J.P.നദ്ദ പറഞ്ഞു. ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ, വിപുലമായ പരിശോധനകൾ, മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ, വ്യാപകമായ ബോധവൽക്കരണ കാമ്പെയ്നുകൾ എന്നിവയിലൂടെ, ഡെങ്കിപ്പനി നിയന്ത്രണ പ്രവർത്തനങ്ങൾ ഗവൺമെന്റ് കൂടുതൽ ശക്തമാക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ 42-ാമത് വാർഷിക ബിരുദദാന ചടങ്ങ് രാവിലെ നടത്തി. 130 സീനിയർ റെസിഡന്റുമാരും വിദ്യാർഥികളും ബിരുദവും ഡിപ്ലോമയും ഏറ്റുവാങ്ങി.

ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ, ചടങ്ങിൽ മുഖ്യാതിഥിയായി. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡണ്ട്, സേനാപതി ക്രിസ് ഗോപാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ഡോ.ജിതേന്ദ്ര സിങ്, വിഡിയോ സന്ദേശത്തിലൂടെ ബിരുദ ദാന ചടങ്ങിന് ആശംസകൾ കൈമാറി. ലോകോത്തര നിലവാരത്തോടെ മെഡിക്കൽ ഉപകരണങ്ങൾ, കുറഞ്ഞ

ചിലവിൽ തദ്ദേശീയമായി വികസിപ്പിക്കുന്നതിൽ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് സുപ്രധാന സംഭവനകൾ നൽകുന്നതായി ഡോ. സിംഗ് പറഞ്ഞു.

✪✪✪

നീറ്റ് UG പുന:പരീക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് NTA യുടെ ഔദ്യോഗിക ചാനലുകളെ മാത്രം ആശ്രയിക്കണമെന്ന്, ദേശീയ ടെസ്റ്റിംഗ് ഏജൻസി വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും അഭ്യർത്ഥിച്ചു. വ്യാഴാഴ്ച വരെ, വിദ്യാർത്ഥികൾക്ക് നിലവിലെ വിലാസവും, ഒന്നും രണ്ടും പരീക്ഷാ നഗരങ്ങളുടെ തിരഞ്ഞെടുപ്പും ഇഷ്ടാനുസരണം പുതുക്കാമെന്നും NTA അറിയിച്ചു. ജൂൺ 21നാണ് പുനഃപരീക്ഷ.

✪✪✪

NEET - UG ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ ദേശീയ പരീക്ഷാ ഏജൻസി -NTA യെ പിരിച്ചുവിടണമെന്നാവശ്യപ്പെട്ട് യുണൈറ്റഡ് ഡോക്ടേഴ്സ് ഫ്രണ്ട്, സുപ്രീംകോടതിയെ സമീപിച്ചു. വിനാശകരവും, ഗൗരവമേറിയതുമായ പരാജയം ആരോപിച്ചാണ്, NTA യുടെ ഘടന പൊളിച്ചെഴുതണമെന്നാവശ്യപ്പെട്ട് ഡോക്ടേഴ്സ് ഫ്രണ്ട്, ഹർജി നൽകിയത്.

✪✪✪

NEET - UG ചോദ്യപേപ്പർ ചോർച്ചയ്ക്കെതിരെ NSUI പ്രതിഷേധ ധർണയുടെ സാഹചര്യത്തിൽ ഡൽഹിയിലെ NTA ഓഫീസിന് കനത്ത സുരക്ഷയൊരുക്കി. ഡൽഹി പൊലീസിനെയും അർദ്ധ സേനാ വിഭാഗത്തെയും ഓഫീസിന്റെ സുരക്ഷയ്ക്ക് സജ്ജമാക്കി.

✪✪✪

ഉത്തർപ്രദേശിലെ നിരവധി ജില്ലകളിൽ കൊടുങ്കാറ്റിലും, മഴയിലും, മിന്നലിലും നൂറിലേറെ ആളുകൾ മരിച്ച സംഭവത്തിൽ, രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ് അഗാധ ദുഃഖമറിയിച്ചു. ഉറ്റവരെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ ദുഃഖം പങ്കുവെയ്ക്കുന്നതായി, അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കേന്ദ്രം സാധ്യമായ എല്ലാ സഹായവും നൽകുന്നുണ്ടെന്നും രാജ്നാഥ്സിംഗ് അറിയിച്ചു.

✪✪✪

പശ്ചിമബംഗാളിൽ കഴിഞ്ഞ 15 വർഷം നൽകിയ പിന്നാക്ക വിഭാഗ സർട്ടിഫിക്കറ്റുകൾ പുനഃപരിശോധിക്കാൻ, ജില്ലാമജിസ്ട്രേറ്റുമാർക്ക് ഗവണ്മെന്റ് നിർദ്ദേശം നൽകി. SC/ST, OBC സർട്ടിഫിക്കറ്റുകൾ വിശദമായി പരിശോധിക്കാനാണ് BJP ഗവണ്മെന്റിന്റെ നിർദ്ദേശം.

✪✪✪

ഇസ്രായേലും ലെബനനും 45 ദിവസത്തേക്ക് കൂടി വെടിനിർത്തൽ നീട്ടാൻ സമ്മതിച്ചതായി, US സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. വാഷിംഗ്ടണിൽ നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് തീരുമാനം. ജൂൺ 2, 3 തീയതികളിൽ കൂടുതൽ ചർച്ചകൾ നടത്തുമെന്ന്, സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ടോമി പിഗോട്ട് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന് അന്താരാഷ്ട്ര പ്രകാശ ദിനം. 1960 മേയ് 16-ന് ഭൗതികശാസ്ത്രജ്ഞൻ തിയോഡോർ മൈമൻ ആദ്യമായി ലേസർ വിജയകരമായി പ്രവർത്തിപ്പിച്ചതിന്റെ ഓർമ്മയ്ക്കാണ് എല്ലാ വർഷവും ഈ ദിനം ആഘോഷിക്കുന്നത്.

"സുസ്ഥിരമായ ഭാവിക്കായി പ്രകാശം" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ഇടുക്കി ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം. സംസ്ഥാനത്ത് കാലവർഷം ഈ മാസം 26 ന് തുടങ്ങുമെന്ന് കാലാവസ്ഥാവകുപ്പ് അറിയിച്ചു.

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന് മുകളിലായി രൂപപ്പെട്ട ശക്തമായ ന്യൂനമർദ്ദത്തിന്റെ ഫലമായി ലക്ഷദ്വീപ് മേഖലയിൽ, വരും മണിക്കൂറുകളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും തീരദേശവാസികളും കപ്പൽ യാത്രക്കാരും ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

നൈപുണ്യ വികസന രംഗത്ത് പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ച് PM വികാസ് പദ്ധതിക്ക് കോഴിക്കോട് NIT യിൽ തുടക്കമാകുന്നു. മറ്റന്നാൾ രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ധാരണാപത്രവും അദ്ദേഹം കൈമാറും.

പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ സമൂഹത്തിലെ യുവ ജനങ്ങൾക്ക്, ആധുനിക തൊഴിൽ നൈപുണ്യങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. NIT യിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ സ്കിൽ നേതൃത്വത്തിലാണ്, ചടങ്ങ് സംഘടിപ്പിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. കൊൽക്കൊത്ത ഈഡൻ ഗാർഡൻസിൽ, വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ബംഗലൂരു FC- യെ നേരിടും. വൈകീട്ട് അഞ്ചിന് ചെന്നൈയിലാണ് മൽസരം.

മറ്റൊരു മൽസരത്തിൽ ഒഡീഷ FC, പഞ്ചാബ് FC-യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലാണ് മൽസരം.

✪✪✪

കേന്ദ്രം നെല്ലിന്റെ താങ്ങു വില വർദ്ധിപ്പിക്കുമ്പോഴും അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന പരാതിയിലാണ് പാലക്കാട്ടെ കർഷകർ. താങ്ങുവില വർധനയിൽ നിന്ന് സംസ്ഥാനത്തിന്റെ പ്രോൽസാഹന വിഹിതം കുറയ്ക്കുന്നതാണ് ഇതിന് കാരണമെന്ന് കർഷകർ പറയുന്നു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

........(വോയ്സ്).............

✪✪✪

കോഴിക്കോട്ട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിൽ കഴിയുന്ന രണ്ട് പേരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ഫറോക്ക് സ്വദേശിയായ 19 കാരനും കോട്ടൂർ സ്വദേശിയായ 9 കാരനുമാണ് ചികിൽസയിൽ. ഇവർ കനാലിൽ കുളിച്ചതായി വിവരം ലഭിച്ചതിനെ തുടർന്ന് പൊതു ജലാശയങ്ങളിൽ ക്ലോറിനേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

✪✪✪

ഇന്ധനവില വർദ്ധനവിനെത്തുടർന്ന് ഡെലിവറി-ഗതാഗത തൊഴിലാളികൾക്ക് കിലോമീറ്ററിന് കുറഞ്ഞത് 20 രൂപ നിരക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഗിഗ് ആൻഡ് പ്ലാറ്റ്ഫോം സർവീസ് വർക്കേഴ്സ് യൂണിയൻ ഇന്ന് ഉച്ചയ്ക്ക് 12

മുതൽ വൈകിട്ട് 5 വരെ രാജ്യവ്യാപകമായി ആപ്പ് അധിഷ്ഠിത സേവനങ്ങൾ നിർത്തിവെക്കാൻ ആഹ്വാനം ചെയ്തു.

✪✪✪

സഹകരണ വകുപ്പിലെയും ആരോഗ്യവകുപ്പിലെയും ഏറ്റവും ഒടുവിലിറക്കിയ സ്ഥലം മാറ്റങ്ങൾ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തു. പുതിയ ഗവണ്മെന്റ് അധികാരത്തിലേൽക്കുന്നതിന് മുമ്പ് തന്നെ ഭരണാനുകൂല സംഘടനകളുടെ സമ്മർദ്ദം മൂലമായിരുന്നു സ്ഥലംമാറ്റമെന്ന്, കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

✪✪✪

കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുമായി ജില്ലാ ഹോമിയോ സഹകരണാശുപത്രിയെ ലയിപ്പിക്കുന്നതിന് സഹകരണ വകുപ്പ് അംഗീകാരം നൽകി. ദേശീയപാതയോരത്ത് തലക്കുളത്തൂരിൽ അമ്പത് കോടി രൂപ വിലമതിക്കുന്ന ഏഴര ഏക്കറിൽപ്പരം സ്ഥലവും, നഗര മധ്യത്തിൽ ഹോസ്പിറ്റൽ കെട്ടിടവും, ചെറുവണ്ണൂരിലെയും, പാളയത്തെയും സബ് സെന്ററുകളും ലയനത്തോടെ കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടേതായി മാറും.

✪✪✪

---

*News Editor : ശ്രുതി എം*
*News reader : സബിത കെ*
*News Team: അനിൽ ചന്ദ്രൻ , അൻഷ കരീം*
*DEO : ഷീബ*